9.30 A.M.] **II അടിയന്തര പ്രമേയനോട്ടീസ്**

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ പറയേണ്ട. ഞാൻ പറയാം. പനിമൂലമുള്ള മരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രനും മറ്റ് അംഗങ്ങളും അടിയന്തിര പ്രമേയം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. ആ ഗൗരവം കണക്കിലെടുത്തുകൊണ്ടുതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ ആദ്യത്തെ ദിവസം സബ്മിഷൻ കൊടുത്തു. അതിനുശേഷം ശ്രീ. എം. വി. ജയരാജന് അടിയന്തിര പ്രമേയം കൊടുത്തു. ആ അടിയന്തിര പ്രമേയത്തിന് നോർമൽ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ട് മുഖ്യമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെ സംസാരിച്ചു. പല ചോദ്യങ്ങൾക്കും ഉത്തരം പറഞ്ഞു. പല മെമ്പർമാർക്കും സബ്മിഷൻ കൊടുത്തു. ഇത് വളരെ ഗൗരവത്തോടുകൂടി കണ്ടിട്ടുണ്ട്. പക്ഷേ ചട്ടം 52(4) അനുസരിച്ച് ഒരു വിഷയം, അടിയന്തിര പ്രമേയം ഉന്നയിക്കാൻ പോലും അനുവദിക്കുന്നത് ഒരു പ്രാവശ്യമേ ആകാവൂ. മാൻഡേറ്ററിയായിട്ട് 'shall' എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത് ഉന്നയിക്കാൻ നിർവ്വാഹമില്ല. ബഹുമാനപ്പെട്ട മന്ത്രി എല്ലായിടത്തും മരുന്നുകൾ അയയ്ക്കണം. കാശ് മാത്രം കൊടുത്താൽ പോരാ. എല്ലാ സ്ഥലത്തും മരുന്ന് ഉണ്ടാകണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, മരണത്തിന്റെ ഫിഗർ കൂടി പറഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഇത് വളരെ ഗൗരവമുള്ളകാര്യം തന്നെയാണ്. ഗൗരവം ഒട്ടും കുറച്ചുകാണുന്നില്ല. കാശ് മാത്രം കൊടുത്താൽ പോരാ. എല്ലാ സ്ഥലത്തും മരുന്ന് എത്തിക്കണമെന്ന് മന്ത്രിക്ക് നിർദ്ദേശം കൊടുത്തത് അതുകൊണ്ടാണ്. പ്രാധാന്യം കുറച്ചു കണ്ടതുകൊണ്ടല്ല.

III ശ്രദ്ധക്ഷണിക്കൽ

(1) മെഡിക്കൽ കോളേജ് ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം സ്വകാര്യവത്കരിക്കൽ

ശ്രീ. മത്തായി ചാക്കോ: സർ, ആരോഗ്യ മേഖലയെ സംബന്ധിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അങ്ങ് ഇപ്പോൾ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളൊക്കെ ഇതിൽ വരുന്നതാണ്. കേരളത്തിലെ ആരോഗ്യമേഖല ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള മേഖലയാണ്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ആരോഗ്യ പരിരക്ഷയിലും ചികിത്സാസംവിധാനത്തിലും വളരെ മികവുറ്റ ഒരു സംസ്ഥാനമായി കേരളം അറിയപ്പെടുന്നുണ്ട്. നമ്മുടെ ജനങ്ങളുടെ ആയുർദൈർഘ്യം വളരെ ഉയർന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ സംസ്ഥാനത്തെ ശിശുമരണ നിരക്കും ജനനമരണ നിരക്കും താരതമ്യേന വളരെ താഴ്ന്നതാണ് എന്ന് ഒരു പ്രത്യേകതയുണ്ട്. സംസ്ഥാനത്ത് ഒട്ടാകെ പടർന്നുനിൽക്കുന്ന വിവിധ തരത്തിലുള്ള പൊതുജനാരോഗ്യ സംവിധാനങ്ങളും അതിനു മുകളിലുള്ള സാമൂഹിക നിയന്ത്രണവുമാണ് ഇത്തരം ഒരു അഭിമാനകരമായിട്ടുള്ള പൈതൃകത്തിലേയ്ക്ക് ചികിത്സാ മേഖലയിൽ കേരളത്തെ എത്തിച്ചിട്ടുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ അതിവിപുലമായിട്ടുള്ള ചികിത്സാ സംവിധാനം കേരളത്തിൽ ഉണ്ടായിരുന്നു. ഈ സംവിധാനത്തിന്റെ ആകെ അടിത്തറ തകർക്കുന്ന രൂപത്തിലേക്ക്, പൊതുജനാരോഗ്യ സംവിധാനത്തിന്റെ ഭാഗമായി അതിന്റെ ആനുകൂല്യങ്ങൾ പറ്റിയിരുന്ന ലക്ഷക്കണക്കിന് വരുന്ന പാവപ്പെട്ട രോഗികളെ വഴിയാധാരമാക്കുന്ന രൂപത്തിലേക്ക് ഈ മേഖലയെ സ്വകാര്യവത്കരിക്കാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. ആരോഗ്യ വിദ്യാഭ്യാസ സേവന മേഖലകളിൽനിന്ന് ഗവൺമെന്റ് പിൻമാറിപ്പോകുന്നു എന്നുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ചുള്ള സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളെയാകെ സ്വകാര്യവത്കരിക്കാൻ വേണ്ടിയുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സ്വകാര്യവത്കരണത്തിന്റെ വക്താക്കളായിട്ടുള്ള ആളുകൾതന്നെ മനസ്സിലാക്കേണ്ടത് ജർമ്മനി, കാനഡ, ബ്രിട്ടൻ, ഫ്രാൻസ് പോലുള്ള മുതലാളിത്ത രാജ്യങ്ങളിൽപ്പോലും പൊതുമേഖലയിൽ 80%-ത്തോളം ചികിത്സ നടത്തുന്ന സംവിധാനമുണ്ട്. പക്ഷേ നമ്മുടെ രാജ്യത്ത് പൊതുമേഖലയിൽ 21% ആശുപത്രികളും ചികിത്സാ സംവിധാനങ്ങളും മാത്രമാണുള്ളത്. ഈ മേഖലയിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഉയർന്ന നിലവാരം പുലർത്തിയിരുന്ന സാഹചര്യങ്ങളിൽനിന്ന് പിന്നോട്ടുപോകാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ പരിയാരം ഉൾപ്പെടെയുള്ള ആറ് മെഡിക്കൽ കോളേജുകളിൽ 2001-ലെ കണക്ക് പ്രകാരം 8288 കിടക്കകളുണ്ട്. അവിടെ ഒരു വർഷം 405098 രോഗികളെ കിടത്തി ചികിത്സിച്ചതായിട്ടാണ് കണക്കുകൾ പറയുന്നത്. അതുപോലെതന്നെ ആറു മെഡിക്കൽ കോളേജുകളിലായി 27 ലക്ഷത്തോളം വരുന്ന സാധാരണക്കാരായിട്ടുള്ള പാവപ്പെട്ട രോഗികൾ വന്ന് ചികിത്സ തേടിപ്പോയി എന്നാണ് ഗവൺമെന്റ് തന്നെ പ്രഖ്യാപിച്ചിട്ടുള്ളത്. ഇത്രയും വിപുലമായിട്ടുള്ള സേവന മേഖലയെ സമ്പൂർണ്ണമായി സ്വകാര്യ മുതലാളിമാർക്ക് അടിയറ വയ്ക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. ഇപ്പോൾ 'ജിം'ന്റെ മറ പിടിച്ചുകൊണ്ട്, 2002 ജനുവരി 17, 18 തീയതികളിൽ നടന്നിട്ടുള്ള ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ആരോഗ്യ വകുപ്പിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള രേഖയാണ്, ഗവൺമെന്റ് തന്നെ മുൻകൈയെടുത്തുകൊണ്ട്, in association with the Directorate of Medical Education, Government of Kerala അവതരിപ്പിച്ചിട്ടുള്ള പദ്ധതിയാണ്. കേരളത്തിൽ പത്തൻപത് കൊല്ലങ്ങളായി, മഹാരാജാവിന്റെ കാലം മുതൽ പൊതുമേഖലയിൽ പ്രവർത്തിച്ചുവരുന്ന മെഡിക്കൽ കോളേജ് സംവിധാനത്തിന്റെ ഒരു ഭാഗം പൂർണ്ണമായി മുറിച്ചു വിൽക്കാൻ വേണ്ടിയുള്ള തീരുമാനം എടുത്തിരിക്കുന്നു. യഥാർത്ഥത്തിൽ 'ജിം'-ൽ ഈ രേഖ വരുന്നതിനുമുമ്പു തന്നെ.

LIBRARY ARCHIVES Kerala Legislative Assembly

Modernising Government Programme-ന്റെ ഭാഗമായി കീ സെക്ടർ എന്നു പറഞ്ഞ് Government of Kerala പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽത്തന്നെ പറയുന്നുണ്ട്. വിൽക്കാൻ വേണ്ടിയുള്ള തീരുമാനം ഉണ്ട്. അതിന്റെ തുടർച്ച എന്നുള്ള നിലയ്ക്കാണ് ഇവിടെവന്നിരിക്കുന്നത്.

സർ, അങ്ങ് മുമ്പ് ആരോഗ്യ വകുപ്പുമന്ത്രി ആയിരുന്നല്ലോ, ഈ രംഗം കുളമാക്കുന്നതിനെക്കുറിച്ച് ഉത്കണ്ഠയുള്ളതുകൊണ്ടാണ് ഇത് പറയുന്നത്. ഏറ്റവുംകൂടുതൽ കെടുതി വന്നിട്ടുള്ളത് കോഴിക്കോട് മെഡിക്കൽ കോളേജിനാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന് 300 ഏക്കർ സ്ഥലമുണ്ട്. 300 കോടി രൂപ വിലവരുന്ന ആ സ്ഥലത്ത് ഈ ഗവൺമെന്റും അതിനു മുമ്പുള്ള ഗവൺമെന്റുകളും പത്തുപന്ത്രണ്ട് കൊല്ലങ്ങളായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം സ്ഥാപിക്കുന്നതിന് 10 കോടി രൂപ മുടക്കി, 10 കോടി രൂപ മുടക്കിയ ആ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തെ ഷാർജയിലെ ഹോളിഡേ ഗ്രൂപ്സ് ഓഫ് കമ്പനി എന്നു പറയുന്ന ഒരു സ്വകാര്യ കമ്പനിക്ക് 20 കോടി രൂപയ്ക്ക് വിൽക്കാൻവേണ്ടിയുള്ള കരാറായി. ഈ നിയമസഭയിൽ തന്നിട്ടുള്ള ഉത്തരത്തിൽ ആ കാര്യം പറയുന്നുണ്ട്. Super Speciality Blocks in Medical College, Kozhikode, Holiday Group of Companies, Sharjah – Amount of Rs. 20 crores. ഗവൺമെന്റ് 10 കോടി രൂപ ഇതിനകം ചെലവഴിച്ച സ്ഥലവും സംവിധാനവുമെല്ലാമുള്ള മെഡിക്കൽ കോളേജിനകത്തുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് 20 കോടി രൂപയ്ക്ക് ഷാർജയിലെ കമ്പനിക്ക് വിൽക്കാൻ പോകുന്നു. ആശുപത്രി കോംപ്ലക്സ് മാത്രമല്ല, അവിടെ ഡോക്ടർമാരെ കൊടുക്കും, ലബോറട്ടറി സംവിധാനം കൊടുക്കും.

മി.സ്പീക്കർ : കാളിംഗ് അറ്റൻഷൻ അഞ്ചു മിനിട്ടിനകം തീർക്കണം. ഇപ്പോൾ 10 മിനിട്ടായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. മത്തായി ചാക്കോ : ഇങ്ങനെ പോയാൽ ഈ ഗവൺമെന്റ് അഞ്ചു കൊല്ലം തികയ്ക്കുമ്പോഴേക്കും കേരളത്തിലെ അഞ്ചു മെഡിക്കൽ കോളേജും 'ശങ്കേഴ്സ് ക്ളിനിക് പ്രൈവറ്റ് ലിമിറ്റഡ്' എന്നായി മാറുന്ന ഒരു അവസ്ഥയുണ്ടാകും. അത് കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് വലിയ കെടുതി സമ്മാനിക്കും. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറയുന്ന കാര്യവും സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യവും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്. പ്രൈവറ്റ് പാർട്ടിസിപ്പേഷൻ എന്ന് പറയുന്നത് പ്രൈവറ്റൈസേഷൻ അല്ല. സ്വകാര്യ സംരംഭങ്ങൾ സ്വീകരിക്കുക എന്നത് അടിസ്ഥാന നയമായി സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടു പോകുന്നത്. അദ്ദേഹം പറഞ്ഞ ആരോപണങ്ങളൊക്കെ അർദ്ധസത്യങ്ങളാണ്. കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആർക്കും പാട്ടത്തിന് കൊടുക്കാനോ വിൽക്കാനോ തീരുമാനിച്ചിട്ടില്ല. കോഴിക്കോട് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് തുടങ്ങാനുള്ള എം.ഒ.യു. ഒപ്പു വച്ചു. അത് ധാരണാ പത്രം മാത്രമാണ്. ധാരണാ പത്രം ഒരു എഗ്രിമെന്റല്ല അത് സ്വീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യാം. എന്തായാലും കോഴിക്കോട് മെഡിക്കൽ കോളേജിൽ 10 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആർക്കും വിൽക്കാനോ പാട്ടത്തിന് കൊടുക്കാനോ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഈ ഗവൺമെന്റ് അത് ചെയ്യുകയുമില്ല. അമേരിക്കയിലും മറ്റു പാശ്ചാത്യ രാജ്യങ്ങളിലുമൊക്കെ 80 ശതമാനം ആളുകൾക്ക് ചികിൽസാ സൗകര്യങ്ങൾ സൗജന്യമായി നൽകുന്നുണ്ട് എന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. പക്ഷേ അവിടെ 40 ശതമാനം മുതൽ 60 ശതമാനം വരെ ഇൻകം ടാക്സ് വാങ്ങിക്കുന്നുണ്ട്. എല്ലാവരും ഇൻകം ടാക്സ് കൊടുക്കണം. അവിടെ മറ്റ് ആരോഗ്യ സുരക്ഷാ പദ്ധതികളൊക്കെയുണ്ട്. സമ്പന്നരാജ്യങ്ങളിൽ അതൊക്കെ നടപ്പിലാക്കാൻ സാധിക്കും. ഇവിടെ 20 ശതമാനം പാവപ്പെട്ട ആളുകളാണ് ആശുപത്രിയിൽ എത്തിച്ചേരുന്നത്. അവർക്ക് എല്ലാ ചികിത്സാ സൗകര്യങ്ങളും സൗജന്യമായി നൽകുന്നുണ്ട്. ഇപ്പോൾത്തന്നെ സംസ്ഥാനത്ത് പനി വ്യാപകമായതിനാൽ എല്ലാ ആശുപത്രികളിലും, പ്രൈമറി ഹെൽത്ത് സെൻറർ മുതൽ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വരെ എല്ലാവർക്കും സൗജന്യമായി ചികിത്സ നൽകുന്നുണ്ട്. സാമ്പത്തിക സ്ഥിതിയോ സാമൂഹിക സ്ഥിതിയോ കണക്കിലെടുത്തുകൊണ്ടല്ല എല്ലാവർക്കും സൗജന്യമായി മരുന്നും ചികിത്സയും നൽകി വരുന്നത്. ഈ പശ്ചാത്തലത്തിൽ ഇവിടെ മെമ്പർ സൂചിപ്പിച്ച കാര്യം അർദ്ധസത്യങ്ങളാണ് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. സംസ്ഥാനത്ത് ആരോഗ്യ പരിപാലന രംഗത്ത് സ്വകാര്യ മേഖല മികച്ച സംഭാവന നൽകിയിട്ടുണ്ട്. ഹൃദ്രോഗം, തലച്ചോറിനെ ബാധിക്കുന്ന രോഗങ്ങൾ, പ്രമേഹം, ക്യാൻസർ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും വൃക്കയെ ബാധിക്കുന്ന രോഗങ്ങൾക്കും കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും സംസ്ഥാനത്ത് ആവശ്യമാണ് എന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായിട്ട് അതിന് പ്രത്യേകമായി ഊന്നൽ നൽകിക്കൊണ്ട് പദ്ധതികൾ അനിവാര്യമാണ് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ സ്വകാര്യ പങ്കാളിത്തം നേടാൻ വേണ്ട നടപടികൾ സ്വീകരിച്ചതിന്റെയടിസ്ഥാനത്തിലാണ് ഇത്തരം നടപടികൾ എടുത്തത്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ആധുനികവൽക്കരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഈ ലക്ഷ്യത്തോടെയാണ് രണ്ടും മൂന്നും തരത്തിലുള്ള സെക്കൻററി ആന്റ് tertiary ഹെൽത്ത് സർവ്വീസസ് , ആരോഗ്യ പരിപാലനം വലിയ ചെലവില്ലാത്ത രീതിയിൽ സംസ്ഥാന സർക്കാർ സ്വകാര്യ പങ്കാളിത്തം വിഭാവന ചെയ്തത്. ആരോഗ്യ പരിപാലന രംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യബോധത്തോടുകൂടി ലഭിച്ച ചില പദ്ധതികളിൻമേൽ ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായിട്ടുണ്ട്. ഇതിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി ഷാർജയിലെ ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസുമായി 20 കോടി രൂപയുടെ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളിൻമേൽ

LIBRARY ARCHIVES Kerala Legislative Assembly

വിശദമായ ചർച്ചകളോ പഠനങ്ങളോ ഒന്നും തന്നെ നടത്തിയിട്ടില്ല. കൂടാതെ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും Bio Medical Waste Disposal Mechanism. നടപ്പിലാക്കി ആശുപത്രികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കും എന്ന ലക്ഷ്യത്തോടെ ചില പദ്ധതികളും സ്വകാര്യ പങ്കാളിത്തത്തിലൂടെ നടപ്പിലാക്കാൻ ആലോചിച്ചു വരുന്നു. ഈ വിഷയത്തിൻമേൽ ലഭ്യമായ രണ്ട് പദ്ധതികളും വിവിധ തരത്തിലുള്ള ചർച്ചകളുടെ പ്രാരംഭഘട്ടത്തിലാണ്. മേൽ സൂചിപ്പിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണം, ആശുപത്രി മാലിന്യ നിർമ്മാർജ്ജനം എന്നിവ രോഗികൾക്കും കൂട്ടിരിക്കുന്നവർക്കും ആശുപത്രിയിൽ വന്നുപോകുന്നവർക്കും മെച്ചപ്പെട്ട സൗകര്യവും സേവനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ ചില വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ആരോഗ്യ പരിപാലന രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭം നിർദ്ദേശിച്ചിട്ടുള്ളത്. സംയുക്ത സംരംഭകർക്കും പങ്കാളിത്തം ഉള്ളവർക്കും ബി.ഒ.ടി. (ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ.) അടിസ്ഥാനത്തിലും ബൂം(ബിൽഡ് ഓപ്പറേറ്റ് ഓൺ ആന്റ് മെയിന്റയിൻ) പാർട്ട്ണർമാർക്കും സർക്കാർ ഭൂമി നൽകാനാണ് ഉദ്ദേശം. എന്നാൽ ഈ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. മേൽപ്പറഞ്ഞ കാര്യത്തിൽനിന്നും സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും മറ്റും സ്ഥാപിക്കുന്നതിനുവേണ്ടി ഈ സ്വകാര്യ പങ്കാളിത്തം അനുവദിക്കുക വഴി ആരോഗ്യരംഗത്ത് എന്തെങ്കിലും പ്രതിസന്ധി ഉണ്ടാകുമെന്ന് സർക്കാർ കരുതുന്നില്ല. ഇതാണ് സർക്കാരിന്റെ വ്യക്തമായ നയം. ഈ നയം തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് സർക്കാർ ആശുപത്രികളും മെഡിക്കൽ കോളേജുകളും വിൽക്കാൻ പോകുന്നു എന്ന വ്യാപകമായ പ്രചരണവും ഈ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ഇത് ആരോഗ്യ പരിപാലന രംഗത്ത് കടന്നുവരാനുള്ള സ്വകാര്യ സംരംഭകരുടെ ശ്രമത്തെ തടയാനും അതുവഴി കേരളത്തിൽ മെച്ചമായ ആരോഗ്യ സംരക്ഷണം പാവപ്പെട്ടവർക്കുകൂടി ലഭ്യമാക്കാനുമുള്ള സർക്കാരിന്റെ നീക്കം തടയാനും മാത്രമേ ഉപകരിക്കുകയുള്ളൂ. ഒരു ഉദാഹരണം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നാലരക്കോടി രൂപ വില വരുന്ന ഒരു ഉപകരണം, ആ ഉപകരണം സ്ഥാപിക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കില്ല. സംസ്ഥാന സർക്കാരിന്റെ മെഡിക്കൽ കോളേജിലെ ഒരു വർഷത്തെ ബഡ്ജറ്റിൽ ആകെ വക കൊള്ളിച്ചിട്ടുള്ളത് കോഴിക്കോട് മെഡിക്കൽ കോളേജിന് നാലരകോടി രൂപയാണ്. ഒരു ഉപകരണം മാത്രം വാങ്ങാൻ നാലര കോടി രൂപ ചെലവു വരും. ആ ഉപകരണം ആശുപത്രിയിൽ സ്ഥാപിച്ചാൽ അയ്യായിരവും ആറായിരവും രൂപ പുറത്ത് ചെലവ് വരുന്ന ടെസ്റ്റ് 2,500 രൂപയ്ക്ക് മെഡിക്കൽ കോളേജിൽ നടത്താനുള്ള സൗകര്യം ലഭ്യമാകും. ആ സൗകര്യം ലഭ്യമാക്കുമ്പോൾ 2,000 രൂപയാണ് ആകെ ചെലവ് വരുന്നത്. 500 രൂപയാണ് മിച്ചം വരുന്നത്. ആ 500 രൂപയിൽ 250 രൂപ മെഡിക്കൽ കോളേജ് ആശുപത്രിക്കാണ് നൽകുന്നത്. നാലരക്കോടി രൂപ ചെലവാക്കുന്ന ഒരു സ്വകാര്യ സംരംഭകന് 250 രൂപയാണ് ഒരു ടെസ്റ്റ് നടത്തുമ്പോൾ കിട്ടുന്നത്. അത്

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജിൽ ലഭ്യമാക്കിക്കഴിഞ്ഞാൽ പണം കൊയ്യുന്ന ആൾക്കാർ, കഴുത്തറുപ്പൻ നയം സ്വീകരിച്ചുകൊണ്ട് പാവപ്പെട്ടവരെ ദ്രോഹിക്കുന്ന ആൾക്കാരുടെ ശ്രമങ്ങളെ പരമാവധി തടയുന്നതിന് സാധിക്കും. മറ്റു സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് പശ്ചിമബംഗാളിലൊക്കെ ഡോക്ടർമാരെ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. അവിടെ ഡോക്ടർമാരുടെ സ്ഥിരം നിയമനം നിർത്തി വച്ചിരിക്കുകയാണ്. അവിടെ സ്വകാര്യ സംരംഭകർക്ക് ആരോഗ്യ രംഗത്ത് കടന്നു വരാൻ സർക്കാർ അനുമതി നൽകിയിരിക്കുകയാണ്. കേരളത്തിന് പുറത്തുള്ളവർ ആരോഗ്യ രംഗത്ത് കടന്നു വരുന്നതോടുകൂടി ഒരുതരത്തിലും മെഡിക്കൽ കോളേജുകളോ സർക്കാരിന്റെ സ്ഥലമോ ആർക്കെങ്കിലും വിൽക്കുന്ന പ്രശ്നം സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇല്ല. ആരോഗ്യ രംഗം മെച്ചപ്പെടണം. നമ്മൾ നേടിയ നേട്ടങ്ങൾ നമുക്ക് നിലനിർത്താൻ സാധിക്കും. ഇപ്പോൾ തലപൊക്കി കൊണ്ടിരിക്കുന്ന പകർച്ച വ്യാധികളെ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കും. ആരോഗ്യപരിപാലനത്തിന് 10.7 കോടിരൂപയാണ് വർഷങ്ങൾക്കുമുൻപ് സംസ്ഥാന ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നതെങ്കിൽ അത് ഇന്ന് നേർ പകുതിയായി കുറഞ്ഞിരിക്കുകയാണ്. ഈ തുച്ഛമായ പണം കൊണ്ട് സംസ്ഥാനത്ത് ആരോഗ്യ പരിപാലനം ഭംഗിയായി നിർവ്വഹിക്കുകയെന്നുള്ളത് ശ്രമകരമായ പ്രവർത്തനമാണ്. അതുകൊണ്ട് സ്വകാര്യ സംരംഭകരെ ഈ രംഗത്ത് കടന്നു വരുന്നതിന് അനുവദിക്കണം. ഈ കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും തെറ്റിദ്ധാരണകൾ ഉണ്ടെങ്കിൽ അത് നീക്കാൻ സർക്കാർ എപ്പോഴും തയ്യാറാണ്. പ്രതിപക്ഷവുമായി ആലോചിച്ചുകൊണ്ടു മാത്രമേ ഇത്തരം ഒരു സംരംഭത്തിന് ഗവൺമെൻറ് തയ്യാറാകുകയുള്ളൂ. ഇടയ്ക്കിടയ്ക്ക് അവരുമായി ചർച്ചകളും സമ്മേളനങ്ങളും നടത്തിക്കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ പലപ്പോഴായി സർക്കാർ ശ്രമിക്കുന്നുണ്ട്. ഇനിയും ശ്രമം തുടരും.

മി. സ്പീക്കർ : ഇതിനകത്തെ പ്രശ്നം എന്നു പറയുന്നത്, ഗവൺമെന്റിന്റെ സ്ഥലവും മറ്റും ഫെസിലിറ്റീസും ഉപയോഗിച്ച് സ്വകാര്യ വ്യക്തികൾക്ക് ലാഭം ഉണ്ടാക്കാൻ വേണ്ടി ആശുപത്രി നടത്തുന്നത് അനുവദിക്കാൻ പാടില്ല എന്നുള്ളതാണ്.

ശ്രീ. മത്തായി ചാക്കോ : മിനിസ്റ്റർ പറഞ്ഞ കാര്യത്തിൽ ഒന്ന്, ഇത്തരം ഒരു മൗലികമായിട്ടുള്ള നയംമാറ്റം നടത്തുമ്പോൾ അത് എവിടെ ചർച്ച ചെയ്യും ? ഈ സഭ ചർച്ച ചെയ്തിട്ടുണ്ടോ ? യു. ഡി.എഫ്. ചർച്ച ചെയ്തിട്ടുണ്ടോ ? ഇവിടെ മന്ത്രി പറഞ്ഞത് പരസ്പരവിരുദ്ധമായ കാര്യങ്ങളാണ്. 19-6-2003-ന് ഈ സഭയിൽ വ്യവസായ വകുപ്പുമന്ത്രി നൽകിയിട്ടുള്ള ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത് എം.ഒ.യു തയ്യാറാക്കിയിട്ടുണ്ട് എന്നാണ്. ഒരു ചർച്ചയും ഇല്ലാതെ തന്നെ ഒപ്പിട്ടു. പ്രോജക്ട് ഉണ്ടാക്കി ലൊക്കേഷൻ അനാലിസിസ് ചെയ്ത് നിങ്ങൾ വിൽക്കാനായി വച്ച സ്ഥാപനത്തിന്റെ ഓരോന്നും മിനിസ്റ്റർ പറഞ്ഞിരിക്കുകയാണ്. 93 കോടി രൂപയുടെ കരാർ എം.ഒ.യു വിൽ പറയുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ഉൾപ്പെടെ കേരളത്തിൽ ഒരു മെഡിക്കൽ കോളേജും ഇത്തരം സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനത്തിനുവേണ്ടി മറിച്ചു വിൽക്കില്ല എന്ന ഉറപ്പ് ഈ സഭയിൽ അങ്ങ് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മേഖലയിൽ ഒരു സ്ഥലവും ആർക്കും മറിച്ചു വിൽക്കില്ല. അക്കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ലീസ് എന്ന് പറഞ്ഞാൽ അത് അസൈൻമെന്റ് അല്ല. ലീസും അസൈൻമെന്റും തമ്മിൽ വ്യത്യാസം ഉണ്ട്.

(2) ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. ജെ. ജോയി : സർ, കാർഷിക ഉൽപ്പാദനരംഗത്ത് കർഷകന്റെ ശക്തിയാണ് കന്നുകാലികൾ. ഈ കന്നുകാലികളിലധികവും കറവമാടുകളാണ് എന്നുള്ള വസ്തുത നമുക്കറിയാം. കടലോരമെന്നോ മലയോരമെന്നോ നോക്കാതെ വളർത്താൻ കഴിയുന്ന ഒരു വിഭാഗമാണ് കറവമാടുകൾ. ഇന്ന് ആ മേഖലയിലുള്ള പാവപ്പെട്ട ക്ഷീരകർഷകർ വളരെയധികം വിഷമത അനുഭവിക്കുന്നു എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ വഴി നമ്മുടെ സംസ്ഥാനത്ത് സ്ത്രീ ശക്തി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് മുൻകൈയെടുത്ത് ഒട്ടേറെ പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. സ്ത്രീകൾ വളരെ കൂടുതലായി ഏർപ്പെട്ടിരിക്കുന്ന ഒരു ജോലിയാണ് പശുവളർത്തൽ. തീർച്ചയായും ആ നിലയിൽ വേണ്ട ഗൗരവത്തോടെ ഈ സംരംഭത്തെ കാണണം. അത് വളർത്തിയെടുക്കുന്നതിന് കാര്യമായി ഒന്നും ഗവൺമെന്റിന്റെ, ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യുന്നില്ല എന്നുള്ള ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇന്ന് നിലനിൽക്കുന്നത്. പശുവളർത്തലിനെ പ്രോൽസാഹിപ്പിക്കാൻ പുത്തൻ സാങ്കേതികവിദ്യകൾ ആ രംഗത്ത് കൊണ്ടുവരാനുള്ള നടപടി ഉണ്ടായേ തീരൂ. അതുപോലെതന്നെ ഗവേഷണം, വളരെ പ്രാധാന്യമുണ്ടാകേണ്ട ഒന്നാണ്.

വളരെ ഗുരുതരമായ ചില ആവശ്യങ്ങളും, അതോടൊപ്പം ചില നിർദ്ദേശങ്ങളും ഉന്നയിക്കാൻ വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കേരള വികസന പദ്ധതിയിൽ ക്ഷീരകർഷകർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നില്ല, ക്ഷീരകർഷകരുടെ, സഹകരണസംഘങ്ങളെ അതിൽനിന്ന് ഒഴിവാക്കുന്നത് ശരിയല്ല. പാവപ്പെട്ട കർഷകരാണ് അവിടെ ഉപഭോക്താക്കളായിട്ടുള്ളത്. അവർക്ക് പ്ലാനിംഗ് ബോർഡ് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടില്ല. പഞ്ചായത്തുകൾ പ്രോജക്ട് കൊടുത്താൽ പ്ലാനിംഗ് ബോർഡ് അംഗീകരിച്ചിട്ടില്ല എന്നുപറഞ്ഞുകൊണ്ട് ഡി.പി.സി. അത് തള്ളിക്കളയുകയാണ്. അതുകൊണ്ട് ബി.പി.എൽ. കാർഡ് പരിധി ഒഴിവാക്കി പാവപ്പെട്ട കർഷകരെ സഹായിക്കാൻ, ത്രിതല പഞ്ചായത്തുകൾ തയ്യാറാകുംപോൾ അതിന് തടസ്സംനിൽക്കാതെ പ്ലാനിംഗ് ബോർഡിൽ അനുകൂല തീരുമാനം എടുക്കാനുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് ആദ്യമായി നിർദ്ദേശിക്കാനുള്ളത്. അതുപോലെ പാൽവില വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. സാധനങ്ങൾക്കൊക്കെ വിലവർദ്ധിച്ചു. ഉൽപ്പാദനച്ചെലവ് കണക്കിലെടുത്ത് കാലോചിതമായി വില നിശ്ചയിക്കണം. സംഘങ്ങൾ ഇന്ന് വളരെയധികം വിഷമത്തിലാണ്. വാട്ടർ അതോറിറ്റിയും ഇലക്ട്രിസിറ്റിബോർഡും കൊമേഴ്സ്യൽ താരിഫാണ് ഈടാക്കുന്നത്. വിദ്യുച്ഛക്തി ഇനത്തിലും, വാട്ടർ അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly